മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്, 18/05/2020

# വിജ്ഞാപനം

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ മുഴുവൻ തെരുവുവിളക്കുകളും എൽഇഡി ലൈറ്റുകളാക്കി മാറ്റി സ്ഥാപിച്ച് 10 വർഷത്തേക്ക് പരിപാലിക്കുന്നതിന് കർണ്ണാടകയിലെ KEONICS എന്ന സ്ഥാപനവുമായി കോർപ്പറേഷൻ ഒപ്പുവെച്ച കരാറിലെ മുഴുവൻ വ്യവസ്ഥകളും പാലിച്ചുകൊണ്ട് പ്രവർത്തി നടപ്പിലാക്കുന്നതിന് ഇരുകക്ഷികളുടെയും സ്വതന്ത്ര ചുമതല ഉള്ള ഒരു ചാർട്ടേഡ് എഞ്ചിനിയറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം 5.6.2020 തീയ്യതി 4 pm നകം നഗരസഭാ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

1) അപേക്ഷകൻ Eletrical & Electronic Engineering (EEE) ബിരുദധാരിയായിരിക്കണം.
2) പ്രായം 25 നും 45നും ഇടയിലായിരിക്കണം
3) LED ലൈറ്റുകളുടെ നിർമ്മാണത്തിലോ പരിപാലനത്തിലോ 3 വർഷത്തെ മുൻപരിചയം അഭികാമ്യം.
4) LED ലൈറ്റുകളുടെ Luminus itencity, colour rendering, lux level എന്നിവ പരിശോധിക്കുന്നതിൽ പ്രാവിണ്യം ഉണ്ടായിരിക്കണം.
5) CCMS സംവിധാനം സ്ഥാപിക്കുന്നതിലും കുറ്റമറ്റരീതിയിൽ പ്രവർത്തിപ്പിക്കുന്നതിലും പരിഞ്ജാനം ഉണ്ടായിരിക്കണം.
6) വിദ്യുഛക്തി വിതരണം/കെഎസ്ഇബി യുമായി ബന്ധപ്പെട്ട നിയമങ്ങൾ /ചട്ടങ്ങൾ എന്നിവയിൽ അറിവ് അഭികാമ്യം.
7) നഗരസഭാ പരിധിയിലെ എൽഇഡി വിളക്കുകളുടെ പരിപാലനം/കരാർ വ്യവസ്ഥകളുടെ നടത്തിപ്പ് എന്നിവയാണ് പ്രധാന ചുമതലകൾ. ചില ദിവസങ്ങളിൽ രാത്രിയും ജോലി ചെയ്യേണ്ടതാണ്.
8) ആദ്യം ഒരു വർഷവും, തുടർന്ന് ജോലി തൃപ്തികരമെങ്കിൽ കരാർ (10 വർഷം) കാലാവധി വരെ നിയമിക്കുന്നതാണ്.
9) നിയമിക്കപ്പെടുന്ന വ്യക്തി കോർപ്പറേഷന്റെയും KEONICS ന്റെയും സ്വതന്ത്ര ഏജന്റായി പ്രവർത്തിക്കണം.
10) ഉദ്ദേശിക്കുന്ന ശമ്പളവും മറ്റു വ്യവസ്ഥകളും അപേക്ഷയോടൊപ്പം വ്യക്തമാക്കണം.

സെക്രട്ടറി
കോഴിക്കോട് കോർപ്പറേഷൻ

ബി.കെ.18/05